[Mr. Krishnan Aiyyappan.]

(ബി) ഇതിനുള്ള പ്രധാനകാരണങ്ങൾ എന്തൊക്കെയാണെന്നും, അതിലേക്ക് പ്രതിവിധിയായി എന്തെങ്കിലും പദ്ധതി നടപ്പിൽ വരുത്തുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ എന്നും ദയവായി പ്രസ്താവിക്കുമോ ?

HON'BLE MR. E. K. MADHAVAN: (*a*) Yes.

(*b*) Adverse conditions arising out of the disadvantageous position of the taluk are the primary reasons contributing to the prevalence of the particular types of diseases in that area. Necessary steps are being taken to start a Health Unit in that area.

ചേർത്തല ഹെൽത്ത് യൂണിറ്റ്.

200. MR. KRISHNAN AIYYAPPAN: താഴെപറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി പറയുമോ ?

ചേർത്തല ഒരു ഹെൽത്ത് യൂണിറ്റ് സ്ഥാപിക്കേണ്ട അത്യാവശ്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ ഇതിനകം എന്തു ചെയ്തു? ഇതു സംബന്ധിച്ചുള്ള ഒരു പദ്ധതി ആസൂത്രണംചെയ്തു പ്രയോഗത്തിൽ കൊണ്ടുവരുവാൻ ദയവുണ്ടാകുമോ ?

HON'BLE MR. E. K. MADHAVAN: Yes.

A Health Unit has been opened from 1122, but for want of qualified personnel, full-scale activities could not be started.

Yes, when qualified staff in sufficient numbers becomes available.

വിദ്യുച്ഛക്തി.

201. MR. P. CHACKO: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യുച്ഛക്തിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) തിരുവല്ലാതാലൂക്കിൽ കോയിപ്രംപകുതിയിൽ കുമ്പനാട്ട കരയിൽ നെൽകൃഷിയുടെ അഭിവൃദ്ധിക്കായി ലിഫ്റ്റ് ഇറിഗേഷൻ നടപ്പിലാക്കുന്നതിന് ആവശ്യമുള്ള വിദ്യുച്ഛക്തി ലഭിക്കുവാൻ ഇരുപതിലേറെ അപേക്ഷകർ അതിനടുത്തായിനിന്നും ഏകദേശം ഒരു മൈൽദൂരമുള്ള കുമ്പനാട്ടേക്ക് വിദ്യുച്ഛക്തിലൈൻ നീട്ടണമെന്ന് കാണിച്ച് സ്ഥലവാസികളിൽ നിന്നും ബഹുമാനപ്പെട്ട ഗവണ്മെൻറിനു നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly